"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ശ്രീ യു.എം. അനിൽ കുമാർ-നെ സ്ഥലംമാറ്റി നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.116/2026/AGRI തീയതി,തിരുവനന്തപുരം, 04-02-2026

---

പരാമർശം :- 1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 10/03/2025, 07/08/2025 ലെ ADFW/9146/2021-SB2 നമ്പർ കത്തുകൾ.

2. ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 28/07/2025 ലെ ADFW/PAO/IDK/1502/2025-E1 നമ്പർ കത്ത്

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ഇടുക്കി, കൃഷി അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ യു. എം. അനിൽ കുമാറിനെതിരെ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഫീസിൽ ICC- അന്വേഷണം നടത്തി പരാതിയിൽ പറയുന്ന കാര്യങ്ങൾ വസ്തുതാപരമാണെന്നും ഓഫീസ് മേലധികാരിക്ക് യോജിക്കാത്ത പെരുമാറ്റം ടിയാന്റെ ഭാഗത്ത് നിന്ന് ഉണ്ടായതിനാൽ ടിയാനെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നും ടി പരാതിയിന്മേൽ ICC ശിപാർശ ചെയ്തിരുന്നു. ശ്രീ. യു.എം.അനിൽ കുമാർ കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ എന്നീ നിലകളിൽ വർഷങ്ങളായി ഇടുക്കി ജില്ലയിൽ ജോലി ചെയ്യുന്നതിനാലും ടിയാനെതിരെ നിലവിലുള്ള പരാതിയുടെ അടിസ്ഥാനത്തിലും ടിയാനെ ഇടുക്കി ജില്ലയിൽ നിന്നും സ്ഥലം മാറ്റുന്നതിന് പരാമർശം (2) പ്രകാരം ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസർ ശിപാർശ ചെയ്തിട്ടുണ്ടെന്നും ആയതിനാൽ പ്രസ്തുത ശിപാർശയിന്മേൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ശിപാർശ പ്രകാരം ഇടുക്കി കൃഷി അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ. യു.എം.അനിൽ കുമാറിനെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കാറഡുക്ക, കാസറഗോഡ് തസ്തികയിൽ സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

3. മേൽ ഉദ്യോഗസ്ഥൻ ഉടൻ പ്രാബല്യത്തിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിച്ചുവെന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെലീന.എ

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്) കേരള, തിരുവനന്തപുരം

ശ്രീ. യു.എം.അനിൽ കുമാർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(AGRI-EA3/13/2025-AGRI)**

ഉത്തരവിൻ പ്രകാരം

Swathi

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ -യ്ക്ക്.

കൃഷി (ഇഎ 1 )സീറ്റ്